(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകുന്നതാണ്.

**അട്ടപ്പാടിയിലെ മുക്കാലിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടി**

55 [234] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ മുക്കാലിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള പണി എന്നാരംഭിച്ചു;

(ബി) ഇതിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) അട്ടപ്പാടിയിലെ മുക്കാലിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള പണി 22-12-2002-ൽ ആരംഭിച്ചു

(ബി) ഇതുവരെ 21,77,615 രൂപ ചെലവഴിച്ചു.

**നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി**

56 [235] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴയോരങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നതുമൂലം പുഴകളുടെ ഇരുഭാഗത്തുമുള്ള വീടുകളും മരങ്ങളും അപകടഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അപകടങ്ങൾ ഇല്ലാതാക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) കണ്ണൂർ ജില്ലയിലെ മാഹിപുഴയോരം, കരിയാട്, പടന്നക്കര, പുല്ലൂക്കര, പെരിങ്ങത്തൂർ, മോന്താൽ പുത്തൂർപുഴ തുടങ്ങിയ പുഴകളുടെ തീരങ്ങൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പാർശ്വഭിത്തികൾ നിർമ്മിക്കുന്നതിനുവേണ്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും, നിവർ മാനേജ്മെന്റ് ഫണ്ട്, ഫ്ളഡ് ഡാമേജ്/ഫ്ളഡ് കൺട്രോൾ ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly